# ജോയ്മോൻെറ ജൈവകൃഷി

Mathrubhumi 09-05-2018-P-04

**ജി.എസ്. ഉണ്ണികൃഷ്ണൻനായർ**

കാർഷികരംഗം



ജോയ്മോൻ വെണ്ടക്കൃഷിക്കരികിൽ

> ആറേക്കറിൽ ജൈവ പച്ചക്കറി സമൃദ്ധി

▸പയറും വെണ്ടയും വെള്ളരിയും കിഴങ്ങുവർഗങ്ങളും വാഴയും പൈനാപ്പിളുമൊക്കെ സമ്മിശ്രമായി വിളഞ്ഞുകിടക്കുന്ന കൃഷിത്തോട്ടം. പൂർണമായും ജൈവമാർഗത്തിലാണ് വിളയിച്ചെടുക്കുന്നതെന്നത് ഈ തോട്ടത്തെ സവിശേഷമാക്കുന്നു. പ്രവാസിയായിരുന്ന ജോയ്മോൻെറ നാലുവർഷത്തെ കഠിന പരിശ്രമത്തിൻെറ ഫലമാണ് കോട്ടയത്തെ കൂരോപ്പടയിലുള്ള ഈ ഹരിതസാമ്രാജ്യം.

ജോയ്മോൻ 2014-ൽ ഗൾഫിൽനിന്ന് മടങ്ങി. ഇനി കൃഷി ചെയ്തു കഴിയാമെന്ന തീരുമാനവുമായിട്ടായിരുന്നു മടക്കം. ഗൾഫിൽനിന്ന് സമ്പാദിച്ച പണത്തിൽ നല്ലൊരു പങ്ക് ആറ് ഏക്കർ വിസ്തൃതിയിലുള്ള കൃഷിസ്ഥലത്തു മുടക്കി.

നിശ്ചിത സ്ഥലത്ത് പരമാവധി വിളകൾ, ഏറ്റവും മികച്ച പരിപാലനം, അതിലൂടെ സാധാരണയെക്കാൾ പതിന്മടങ്ങ് വിളവ്, പക്ഷേ എല്ലാം ജൈവരീതിയിൽ മാത്രം; ഈ തത്ത്വമാണ് അന്നുമുതൽ ഇന്നുവരെ ജോയ്മോൻ പിൻതുടരുന്നത്. പച്ചക്കറികളിൽ സങ്കരയിനങ്ങൾ തന്നെയാണ് കൃഷിയിലേറെയും.

വെണ്ടയ്ക്കിടയിൽ വെള്ളരി, വാഴയ്ക്കിടയിൽ ചേന എന്നിങ്ങനെ പല വിളകൾ ഇടകലർത്തി വളർത്തുന്നുണ്ട്. പ്ലാസ്റ്റിക് പുതയും തുള്ളിനനയും ഫെർട്ടിഗേഷനും ഇവയ്ക്ക് നൽകുന്നു. ചാണകത്തെളി, സ്യൂഡോമോണസ് മിശ്രിതം ഉൾപ്പെടെയുള്ള ജൈവവളക്കൂട്ടുകൾ അരിച്ച് ഫെർട്ടിഗേഷനിലൂടെ വിളകളുടെ ചുവട്ടിലെത്തിക്കും. രണ്ട് വിസ്തൃതമായ കുളങ്ങളിൽ സംഭരിക്കുന്ന മഴവെള്ളം വേനലിൽ നനയ്ക്കാൻ ഉപയോഗിക്കുന്നു.

വർഷത്തിൽ അഞ്ചു വിളവെടുക്കാൻ പാകത്തിലാണ് പച്ചക്കറികളുടെ കൃത്യതാകൃഷി. വാഴയിൽ നാട്ടുപൂവൻ, നേന്ത്രൻ, ഞാലിപ്പൂവൻ, പാളയംകോടൻ എന്നിവയുണ്ട്. ചേനയിൽ 'ഗജേന്ദ്ര' എന്നയിനമാണ് കൃഷിചെയ്യുന്നത്. ജീവാണു കുമിൾനാശിനികളും ജൈവകീടനാശിനികളും മാത്രമേ ഉപയോഗിക്കുകയുള്ളൂ. എലികളെ അകറ്റാൻ മാളങ്ങളിൽ മുളകുപുകച്ച് പുകകയറ്റുന്നു.

ആറ് എച്ച്.എഫ്. പശുക്കളേയും ജോയ്മോൻ വളർത്തുന്നുണ്ട്. തോട്ടത്തിൽത്തന്നെ കൃഷി ചെയ്യുന്ന തീറ്റപ്പുല്ലാണ് പശുക്കൾക്ക് പ്രധാനമായും നൽകുന്നത്. പാല് പ്രാദേശികമായിത്തന്നെ നല്ല വിലയ്ക്ക് ചെലവാകുന്നു.

ഗ്രോബാഗ് പച്ചക്കറികൃഷിയും കോഴിവളർത്തലും പല തട്ടുകളായി ചെയ്യാവുന്ന, കറക്കാവുന്ന മഴമറ സംവിധാനമാണ് ജോയ്മോൻെറ മറ്റൊരു ആവിഷ്കാരം.

പച്ചക്കറിയും പഴങ്ങളും കിഴങ്ങുകളുമൊക്കെ ഒരു കയറ്റുമതി ഏജൻസിവഴി 20 ശതമാനം അധിക വിലയ്ക്ക് വിറ്റഴിക്കാൻ കഴിയുന്നുണ്ട്. (ഫോൺ: 9744681731)